# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.117- 30/11/2015 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ പൊതുകടവും ട്രഷറി നിക്ഷേപങ്ങളും

| **ചോദ്യം**<br><br>**ശ്രീ.റ്റി.വി.രാജേഷ്** | **ഉത്തരം**<br><br>**ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടിയായിരുന്നു; അത് 2016 മാർച്ച് 31 ന് എത്രയായി വർദ്ധിച്ചു; 2016-17 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പൊതുകടം എത്രയായി വർദ്ധിക്കാൻ സാധ്യതയുള്ളതായി കണക്കാക്കുന്നു; വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31.03.2011 ൽ സംസ്ഥാനത്തിന്റെ പൊതുകടം 78673.24 കോടി രൂപയായിരുന്നു. 31.03.2015 ൽ സംസ്ഥാനത്തിന്റെ പൊതുകടം 135440.24 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ പൊതുകടം സംബന്ധിച്ച വിശദാംശങ്ങൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ വ്യക്തമാകുകയുള്ളൂ. |
| (ബി) ഈ സർക്കാർ ആകെ എത്ര തവണ കടമെടുക്കുകയുണ്ടായി; | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നു കൊണ്ട് ആവശ്യാനുസരണം വായ്പയെടുക്കുകയാണ് ചെയ്യുന്നത്. ഈ സർക്കാർ അധികാരമേറ്റ ശേഷം ഓഗസ്റ്റ് 2011 മുതൽ ഒക്ടോബർ 2015 വരെ കടപ്പത്രം വഴി 62 തവണ വായ്പയെടുത്തിട്ടുണ്ട്. |
| (സി) സർക്കാർ കൊടുത്ത് തീർക്കാൻ ബാക്കിയുള്ള ട്രഷറി നിക്ഷേപങ്ങൾ എത്ര കോടിയാണെന്ന് വിശദമാക്കാമോ ; ട്രഷറി തിരിച്ചു നൽകേണ്ടതായ മൊത്തം നിക്ഷേപം എത്ര കോടിയാണ് വിശദമാക്കാമോ? | സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട് മുതലായ ഇനത്തിൽ 31.03.2015 വരെ 39307.28 കോടി രൂപ സർക്കാർ കൊടുത്തു തീർക്കാനുണ്ട്. ഇതിൽ 15899.66 കോടി രൂപ മറ്റ് സമ്പാദ്യ നിക്ഷേപ ഇനത്തിൽ കൊടുത്തു തീർക്കാനുള്ളതാണ്. |

*അക്കൗണ്ട്സ് ഓഫീസർ*